''ഭരണഭാഷ - മാതൃഭാഷ''

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/18750/16

ചാക്ക, തിരുവനന്തപുരം
തീയതി: 18.01.2017

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017 - പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് വീഡിയോ കോൺഫറൻസ് വിളിച്ച് ചേർക്കുന്ന വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

***************

02-02-2017 മുതൽ ആരംഭിക്കുന്ന ഫെബ്രുവരി 2017 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 23-01-2017 ന് (തിങ്കളാഴ്ച) രാവിലെ 10 മണി മുതൽ ഒരു വീഡിയോ കോൺഫറൻസ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ജില്ലാതല നോഡൽ ഐ.ടി.ഐ. കളുടെ പേരുകളും ഓരോ ജില്ലയിലും വീഡിയോ കോൺഫറൻസ് നടത്തുന്ന സെന്ററുകളുടെ വിവരങ്ങളും ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ അതത് ജില്ലകളിലെ ഗവൺമെന്റ് ഐ.ടി.ഐ.കൾ/ആർ.ഐ.സെന്റർ/എ.വി.ടി.എസ്. എന്നീ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാർ/വൈസ് പ്രിൻസിപ്പാൾമാർ/ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ (ടെക്നിക്കൽ) എന്നീ ഉദ്യോഗസ്ഥർ ടി വീഡിയോ കോൺഫറൻസ് നടക്കുന്ന സെന്ററുകളിൽ കൃത്യമായും ഹാജരാകേണ്ടതാണ്. കൂടാതെ പരീക്ഷാ സംബന്ധമായി ഡി.ജി.റ്റി. പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ, ഡയറക്ടറേറ്റിൽ നിന്ന് ലഭ്യമായിട്ടുള്ള വിവിധ അറിയിപ്പുകൾ എന്നിവ ടി വീഡിയോ കോൺഫറൻസിൽ ഹാജരാകുമ്പോൾ കൊണ്ട് വരേണ്ടതാണ്. വീഡിയോ കോൺഫറൻസ് ആരംഭിക്കുന്നത് മുതൽ അവസാനിക്കുന്നത് വരെ വൈദ്യുതി, ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവയുടെ ലഭ്യതയ്ക്ക് തടസ്സം ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ/ക്രമീകരണങ്ങൾ എന്നിവ കോൺഫറൻസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ള ഐ.ടി.ഐ. കളിലെ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- വീഡിയോ കോൺഫറൻസ് നടത്തുന്ന സെന്ററുകളുടെ പട്ടിക

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും ട്രെയിനിംഗ് ഓഫീസർമാർക്കും

പകർപ്പ്:- <u>സ്പെഷ്യൽ ഓഫീസർ, എസ്.യു.ഐ.ഐ.ടി.</u>

പ്രസ്തുത ദിനം ടി വീഡിയോ കോൺഫറൻസ് നടത്താൻ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കണമെന്ന നിർദ്ദേശത്തോടുകൂടി

എസ്സ്/19.01

LIST OF VIDEO CONFERENCE CENTRES

| Sl. No | Name of District | Centres for Video Conference |
|---|---|---|
| 1 | Thiruvananthapuram | ITI (W) Kazhakuttom<br>(Hosting Centre / District Centre) |
| 2 | Kollam | ITI Chandanathoppu |
| 3 | Pathanamthitta | ITI Chennerkara |
| 4 | Alappuzha | ITI (W) Chengannur |
| 5 | Kottayam | ITI Ettumannur |
| 6 | Idukki | ITI Kattappana |
| 7 | Eranakulam | ITI Kalamassery |
| 8 | Thrissur | ITI Mala |
| 9 | Palakkad | ITI Malampuzha |
| 10 | Malappuram | ITI Areacode |
| 11 | Kozhikkode | ITI (W) Kozhikode |
| 12 | Wayanad | ITI Kalpetta |
| 13 | Kannur | ITI Kannur |
| 14 | Kasaragod | ITI Kayyur |